(എഫ്) പൈപ്പുകളുടെ ടെസ്റ്റ് നടത്തിയിട്ടുള്ളത് എസ്. ജി. എസ്. എന്ന സ്ഥാപനമാണ്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പൈപ്പ് നല്ലതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**ശുദ്ധജലക്ഷാമം പരിഹരിക്കാൻ മഴവെള്ളം ശേഖരിക്കുന്ന പദ്ധതി**

45 (1712) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പ്രാദേശിക തലത്തിൽ മഴവെള്ളം ശേഖരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്കായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) കുഴൽ കിണറുകളുടെ എണ്ണത്തിലെ വർദ്ധന, നദികളിലെ മണലൂറ്റ്, ജലസമ്പത്തിന്റെ ശാസ്ത്രീയമായ ഉപയോഗക്രമം എന്നിവമൂലം സംസ്ഥാനത്തെ ശുദ്ധജലക്ഷാമം ഭാവിയിൽ രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി മഴവെള്ളം ശാസ്ത്രീയമായി ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജലക്ഷാമം പരിഹരിക്കാൻ മഴവെള്ളം ശേഖരിക്കുന്ന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതുവരെ ഇതിലേക്കായി പഠനം നടത്തിയിട്ടില്ല. പരീക്ഷണ അടിസ്ഥാനത്തിൽ ഇപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാദ്ധ്യത ഉണ്ട്.

(ഡി&ഇ) മഴവെള്ളം ശാസ്ത്രീയമായി ശേഖരിക്കുന്നതിനെപ്പറ്റി വിശദമായ പഠനം നടത്തേണ്ടതായുണ്ട്. അതിലേക്കായി ഇറിഗേഷൻ വകുപ്പിന്റെ തന്നെ അനുബന്ധമായ സി.ഡബ്ലിയു.ആർ.ഡി.എം. എന്ന സ്ഥാപനത്തെ വിശദമായ പഠനങ്ങൾ നടത്തുന്നതിലേക്കായി നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വിശദമായ പഠനശേഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം ശേഖരിക്കുന്നതിനെപ്പറ്റിയുള്ള കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly